**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 166** **05-02-2026 - ൽ മറുപടിയ്ക്ക്**

**മാലിന്യമുക്ത നവകേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കി ഹരിതകർമ്മ സേന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിവിനു ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ട്രാൻസ്പോർട്ടേഷൻ പ്ലാൻ, ലിഫ്റ്റിംഗ് പ്ലാൻ എന്നിവ പ്രകാരം ക്ലീൻ കേരള കമ്പനി, മറ്റ് അംഗീകൃത റീ സൈക്ലിങ് ഏജൻസികൾ എന്നിവർക്ക് കൈമാറുന്നു. ഇവയിൽ നിന്നും പുനചംക്രമണ സാധ്യമായവ റീസൈക്ലിംഗിനായും അല്ലാത്തവ സിമന്റ് പ്ലാന്റുകളിലേക്ക് ശാസ്ത്രീയമായ സംസ്കരണത്തിന് നേരിട്ടും RDF രൂപേണയും പോകുന്നു.<br><br>അജൈവ മാലിന്യ ശേഖരണത്തിനായി ബിന്നുകൾ, ബോട്ടിൽ ബൂത്തുകൾ, മിനി എം.സി.എഫുകൾ, കണ്ടെയിനർ എം. സി.എഫുകൾ, മാലിന്യം തരംതിരിക്കുന്നതിന് എം. സി.എഫ്./ആർ.ആർ.എഫ്. സാനിറ്ററി മാലിന്യ സംസ്കരണ പദ്ധതികൾ, ദ്രവ മാലിന്യ സംസ്കരണത്തിനായി STP, FSTPപദ്ധതികൾ, RDF പ്ലാന്റുകൾ,. കമ്മ്യൂണിറ്റിതല STP പദ്ധതികൾ, മൊബൈൽ ടീറ്റ്മെന്റ് യൂണിറ്റുകൾ, അണ്ടർ ഗ്രൗണ്ട് STP പദ്ധതികൾ, ബയോമൈനിങ്, വേസ്റ്റ് ടു എനർജി പദ്ധതികൾ, ഇ-വേസ്റ്റ് മാലിന്യ ശേഖരണ സ്പെഷ്യൽ ഡ്രൈവ്, എന്നീ പദ്ധതികൾ മാലിന്യ മുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. കൂടാതെ, ബോധവൽക്കരണ പ്രവർത്തങ്ങളും നടത്തുന്നുണ്ട്.<br><br>പൊതു ഇടങ്ങളിലും ജലാശയങ്ങളിലും മാലിന്യം നിക്ഷേപം നടത്തുന്നതിന് എതിരെ 2024-ൽ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയുടെ ഭേദഗതി പ്രകാരം നിയമം |

| | | | |
|---|---|---|---|
| | | | കർശനമാക്കുകയും ആയത് പ്രകാരം നടപടി സ്വീകരിച്ച് വരികയും ചെയ്യുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിനും പ്രത്യേക എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ തദ്ദേശ സ്ഥാപന തലത്തിലും ജില്ലാ തലത്തിലും പ്രവർത്തിച്ച് വരുന്നു. മാലിന്യമുക്തം നവകേരളം പദ്ധതി ആരംഭിച്ച ശേഷം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മ സേന നടത്തുന്ന അജൈവ മാലിന്യ ശേഖരണത്തിന്റെ തോതിൽ പ്രകടമായ പുരോഗതി ഉണ്ടായിട്ടുണ്ട്.<br><br>ഹരിതകർമസേനയുടെ വാതിൽപ്പടി മാലിന്യശേഖരണം 92 ശതമാനമായി വർദ്ധിച്ചു. യൂസർ ഫീ കളക്ഷൻ 78 ശതമാനമായി ഉയർന്നു. വാർഡ് തലങ്ങളിലെ മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററുകളുടെയും എം.സി.എഫുകളുടെയും ആർ.ആർ.എഫുകളുടെയും എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി.<br><br>ഹരിതസഭകൾ, ഹരിതബാലസഭകൾ, സ്നേഹാരാമങ്ങൾ – വിദ്യാർത്ഥി സമൂഹങ്ങളുടേയും എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധസംഘങ്ങളുടേയും ശ്രമത്തോടെ മാലിന്യം കൂട്ടിയിടാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളെ പൂന്തോട്ടങ്ങളായി മാറ്റുന്ന പ്രവർത്തനങ്ങൾ, കടൽത്തീരങ്ങൾ ശുചിയാക്കൽ, തെരഞ്ഞെടുപ്പുകൾക്ക് ഹരിത പ്രോട്ടോക്കോൾ, മാലിന്യ പരിപാലനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്, ഹരിത സ്കോളർഷിപ് എന്നിവയും മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. |
| (ബി) | വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്ന ഹരിതകർമ്മസേനയുടെ പ്രവർത്തനം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനായി നൽകുന്ന യൂസർ ഫീ കുടിശ്ശിക വരുത്തുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കി ഹരിതകർമ്മ സേന അജൈവ മാലിന്യ ശേഖരണം നടത്തുന്നുണ്ട്. 2024 ലെ കേരള പഞ്ചായത്ത് രാജ് ഭേദഗതി ആക്ട് സെക്ഷൻ 219 AD, 2024ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്ട് സെക്ഷൻ 326 D എന്നിവ പ്രകാരം ഓരോ മാലിന്യ ഉൽപാദകനും യൂസർ ഫീസ് ഗ്രാമപഞ്ചായത്തിനോ അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത ഏജൻസിക്കോ എല്ലാ മാസത്തിലെയും അവസാന തീയതിക്ക് മുമ്പായോ |

| | | | |
|---|---|---|---|
| | | | അല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചേക്കാവുന്ന അത്തരം കാലയളവിനുള്ളിലോ നൽകേണ്ടതാണ് എന്നും ഏതെങ്കിലും മാലിന്യ ഉൽപാദകൻ ടി വ്യവസ്ഥകൾ പ്രകാരം യൂസർ ഫീസ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയാൽ, അത് പ്രതിമാസം അമ്പത് ശതമാനം പിഴയോടു കൂടി ഈടാക്കേണ്ടതാണ് എന്നും എന്നാൽ, നിശ്ചിത തീയതി മുതൽ തൊണ്ണൂറ് ദിവസത്തിനുശേഷവും യൂസർ ഫീസ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ മാത്രമേ അത്തരം പിഴ ഈടാക്കുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. യൂസർ ഫീസ് അടയ്ക്കാൻ വീഴ്ചവരുത്തുന്ന ആളിനെതിരെ സ്വീകരിക്കാവുന്ന മറ്റേതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ, യൂസർ ഫീസ് അടയ്ക്കുന്നതുവരെ അത്തരത്തിൽ വീഴ്ച വരുത്തിയ ആളിന് ഗ്രാമ പഞ്ചായത്തിൽ / നഗരസഭയിൽ നിന്നുള്ള ഏതൊരു സേവനവും നൽകാൻ സെക്രട്ടറിക്ക് വിസമ്മതിക്കാവുന്നതാണ് എന്നും സർക്കാരിനോ അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഏതെങ്കിലും മാലിന്യ ഉൽപ്പാദകനെ അല്ലെങ്കിൽ മാലിന്യ ഉൽപ്പാദകരുടെ ഗണത്തെ, അല്ലെങ്കിൽ ആളൊഴിഞ്ഞതോ ഒഴിഞ്ഞു കിടക്കുന്നതോ ആയ കെട്ടിടങ്ങളുടെ ഉടമകളെ അല്ലെങ്കിൽ കൈവശക്കാരെയോ യൂസർ ഫീസ് അടയ്ക്കുന്നതിൽ നിന്നും പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കാവുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | ഉറവിട മാലിന്യ സംസ്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സാങ്കേതിക സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. വികേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ രീതിയാണ് സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുന്നത്. വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട ജൈവ മാലിന്യ ഉപാധി ഉറപ്പാക്കുന്നതിനോടൊപ്പം, കമ്മ്യൂണിറ്റിതല മാലിന്യ സംസ്കരണ ഉപാധികളും നിലവിലുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റ് , സ്വച്ഛ് ഭാരത് മിഷൻ ഗ്രാന്റുകൾ , അമൃത് മിഷൻ മുതലായ ഫണ്ടുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കുന്നു. ഇത് കൂടാതെ KSWMPഅമൃത് മിഷൻ, KSIDCസംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ക്ലീൻ കേരള കമ്പനി, എന്നിവിടങ്ങളിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | മാലിന്യ സംസ്കരണത്തിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് തടയുന്നതിനായി സ്ഥാപിച്ച നിരീക്ഷണ ക്യാമറകളുടെയും പിഴ ഈടാക്കുന്ന സംവിധാനത്തിന്റെയും നിലവിലെ പുരോഗതി വ്യക്തമാക്കാമോ? | (ഡി) | പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് തടയുന്നതിനായി സ്ഥാപിച്ച നിരീക്ഷണ ക്യാമറകളുടെ ജില്ലതിരിച്ചുള്ള എണ്ണവും, പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട നിയമലംഘനങ്ങളുടെ പേരിൽ എടുത്തിട്ടുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണവും ചുമത്തിയ പിഴയുടെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിൽ ഇതുവരെ സ്ഥാപിച്ച സി.സി.ടി.വി ക്യാമറകളുടെ എണ്ണം

| **നം.** | **ജില്ല** | **തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം** | **സ്ഥാപിച്ച ക്യാമറകൾ** |
|---|---|---|---|
| 1 | തിരുവനന്തപുരം | 78 | 384 |
| 2 | കൊല്ലം | 73 | 552 |
| 3 | പത്തനംതിട്ട | 57 | 140 |
| 4 | ആലപ്പുഴ | 78 | 189 |
| 5 | കോട്ടയം | 77 | 271 |
| 6 | ഇടുക്കി | 54 | 198 |
| 7 | എറണാകുളം | 96 | 503 |
| 8 | തൃശ്ശൂർ | 94 | 964 |
| 9 | പാലക്കാട് | 95 | 415 |
| 10 | മലപ്പുറം | 106 | 266 |
| 11 | കോഴിക്കോട് | 78 | 187 |
| 12 | വയനാട് | 26 | 87 |
| 13 | കണ്ണൂർ | 81 | 532 |
| 14 | കാസർഗോഡ് | 41 | 80 |
| **ആകെ** | | **1034** | **4768** |

പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ

(01 മാർച്ച് 2023 – 28 ജനുവരി 2026)

| **നം.** | **ജില്ല** | **നടപടി സ്വീകരിച്ച കേസുകളുടെ എണ്ണം** | **ആകെ ചുമത്തിയ പിഴ (രൂപ)** |
|---|---|---|---|
| 1 | തിരുവനന്തപുരം | 3333 | 11852656 |
| 2 | കൊല്ലം | 1111 | 3680710 |
| 3 | പത്തനംതിട്ട | 313 | 1770030 |
| 4 | ആലപ്പുഴ | 1074 | 4211425 |
| 5 | കോട്ടയം | 783 | 2733920 |
| 6 | ഇടുക്കി | 773 | 3485460 |
| 7 | എറണാകുളം | 3050 | 14218269 |
| 8 | തൃശ്ശൂർ | 3238 | 14284602 |
| 9 | പാലക്കാട് | 1032 | 3537330 |
| 10 | മലപ്പുറം | 2207 | 11454160 |
| 11 | കോഴിക്കോട് | 1676 | 4776500 |

| | | | |
|---|---|---|---|
| | | | |
| 12 | വയനാട് | 473 | 2329485 |
| 13 | കണ്ണൂർ | 2196 | 7691430 |
| 14 | കാസർഗോഡ് | 678 | 2901700 |
| **ആകെ** | | **21,937** | **₹ 8,89,27,677** |